# കേരള സർവകലാശാല

നം. പി.ആർ.003/2015 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എം.ബി.ബി.എസ് ഫലം

കേരള സർവകലാശാല സെപ്റ്റംബറിൽ നടത്തിയ മൂന്നാം പ്രൊഫഷണൽ എം.ബി.ബി.എസ് (പാർട്ട് ഒന്ന്) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 20 വരെ അപേക്ഷിക്കാം.

### എം.എസ്സി മാത്തമാറ്റിക്സ് ഫലം : അശ്വതി ജെ.പ്രേം ഒന്നാം റാങ്ക് നേടി

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം/ലേണേഴ്സ് സപ്പോർട്ട് സെന്റർ ജൂൺ/ജൂലൈയിൽ നടത്തിയ എം.എസ്സി മാത്തമാറ്റിക്സ് (നോൺ സെമസ്റ്റർ - ഫൈനൽ & പ്രീവിയസ്) ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. അശ്വതി ജെ. പ്രേം (രജി.നം 31072) ഒന്നാം റാങ്ക് നേടി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് അഞ്ച് വരെ അപേക്ഷിക്കാം.

### സർട്ടിഫിക്കറ്റ് കോഴ്സ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം ശാസ്താംകോട്ട ഡി.ബി. കോളേജ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സർട്ടിഫിക്കറ്റ് ഇൻ കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് (കാലാവധി മൂന്ന് മാസം, ഫീസ് 5000/- രൂപ. യോഗ്യത പ്ലസ് ടു/പ്രീഡിഗ്രി), സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് (കാലാവധി ആറ് മാസം, ഫീസ് 7500/-, യോഗ്യത പ്ലസ് ടു/പ്രീഡിഗ്രി) എന്നീ കോഴ്സുകൾ നടത്തുന്നു. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി ഫെബ്രുവരി അഞ്ച്. ഫോൺ. 9446475975, 9447218998.

### എം.ബി.എ പരീക്ഷ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ഫെബ്രുവരി 29-ന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ എം.ബി.എ പരീക്ഷയ്ക്ക് പിഴകൂടാതെ ഫെബ്രുവരി 10 (50 രൂപ പിഴയോടെ ഫെബ്രുവരി 12, 250 രൂപ പിഴയോടെ ഫെബ്രുവരി 15) വരെ അപേക്ഷിക്കാം. വിദ്യാർത്ഥികൾ പരീക്ഷാഫീസിനു പുറമെ സി.വി ക്യാമ്പ് ഫീസായി 300 രൂപ അടയ്ക്കണം.

### എം.ബി.ബി.എസ് പരീക്ഷ

കേരള സർവകലാശാല ഫെബ്രുവരി 29-ന് തുടങ്ങുന്ന രണ്ടാം പ്രൊഫഷണൽ എം.ബി.ബി.എസ് പരീക്ഷയ്ക്ക് പിഴകൂടാതെ ഫെബ്രുവരി 10 (50 രൂപ പിഴയോടെ ഫെബ്രുവരി 12, 250 രൂപ പിഴയോടെ ഫെബ്രുവരി 15) വരെ അപേക്ഷിക്കാം. വിദ്യാർത്ഥികൾ പരീക്ഷാഫീസിനു പുറമെ സി.വി ക്യാമ്പ് ഫീസായി 300 രൂപ അടയ്ക്കണം.

## പി.ജി.ഡി.ഐ.പി.ആർ പരീക്ഷ

കേരള സർവകലാശാല മാർച്ച് ഒമ്പതിന് തുടങ്ങുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഇന്റലക്ച്വൽ പ്രോപ്പർട്ടി റൈറ്റ്സ് (2014-15 ബാച്ച്) പരീക്ഷയ്ക്ക് പിഴകൂടാതെ ഫെബ്രുവരി 22 (50 രൂപ പിഴയോടെ ഫെബ്രുവരി 24, 250 രൂപ പിഴയോടെ ഫെബ്രുവരി 26) വരെ അപേക്ഷിക്കാം.

## പി.ജി.ഡി.ബി.എസ് പരീക്ഷ

കേരള സർവകലാശാല മാർച്ച് 16-ന് തുടങ്ങുന്ന ഒന്നാം സെമസ്റ്റർ, മാർച്ച് 23-ന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ബയോമെഡിക്കൽ സയൻസസ് പരീക്ഷയ്ക്ക് പിഴകൂടാതെ ഫെബ്രുവരി 15 (50 രൂപ പിഴയോടെ ഫെബ്രുവരി 17, 250 രൂപ പിഴയോടെ ഫെബ്രുവരി 19) വരെ അപേക്ഷിക്കാം.

## എം.എ (സി.എസ്.എസ്) ഫലം

കേരള സർവകലാശാല കാര്യവട്ടം മലയാളം പഠനവകുപ്പ് നടത്തിയ എം.എ മലയാളം ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ (സി.എസ്.എസ് - 2013-15) പരീക്ഷയുടെ തടഞ്ഞുവെച്ചിരുന്ന ഫലം പ്രസിദ്ധീകരിച്ചു.

## പെൻഷൻ: രേഖകൾ സമർപ്പിക്കണം

കേരള സർവകലാശാലയിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവർ 2015-16 സാമ്പത്തിക വർഷം ആദായ നികുതിയുടെ പരിധിയിൽ വരുന്നുണ്ടെങ്കിൽ 2016 ഫെബ്രുവരി 15-നകം നിർബന്ധമായും നിർദ്ദിഷ്ട ഫോർമാറ്റിൽ ആദായതികുതി സ്റ്റേറ്റ്മെന്റും അനുബന്ധ രേഖകളും (ഇതുവരെ സമർപ്പിച്ചിട്ടില്ലെങ്കിൽ) പെൻഷൻ സെക്ഷനിൽ സമർപ്പിക്കണം. സ്റ്റേറ്റ്മെന്റിന്റെ മാതൃകയും വിവരങ്ങളും വെബ്സൈറ്റിൽ (www.kufinance.info) ലഭിക്കും. പെൻഷൻ നമ്പരും ജനന തീയതിയും ഉപയോഗിച്ച് പെൻഷൻ സ്പോട്ട് സൈറ്റിൽ ലോഗിൻ ചെയ്ത് വിവരങ്ങൾ ശേഖരിക്കാം.

## പ്രഭാഷണ പരമ്പര

കേരള സർവകലാശാല കനേഡിയൻ പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കനേഡിയൻ സംസ്കാരവും സാഹിത്യവും എന്ന വിഷയത്തിൽ പ്രഭാഷണ പരമ്പര ഫെബ്രുവരി അഞ്ച്, ആറ് തീയകളിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് ഹാളിൽ നടത്തും. താൽപര്യമുള്ള അദ്ധ്യാപകർ, ഗവേഷകർ, എം.ഫിൽ വിദ്യാർത്ഥികൾ ഫെബ്രുവരി നാലിനകം കനേഡിയൻ പഠനകേന്ദ്രവുമായി ബന്ധപ്പെടുക. പങ്കെടുക്കുന്ന അദ്ധ്യാപകർ ഡ്യൂട്ടി ലീവിന് അർഹരാണ്. ഫോൺ. 9446203008.

(ഒപ്പ്)

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
03.02.2016

ഡോ. ലാൽ സി.എ.
പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098